# കത്തുകൾ

## പച്ചക്കറി സവർണനാണ്

കേരളീയത്തിലെ വിഭവങ്ങളെല്ലാം പ്രസക്തിയുള്ളതും ചർച്ചചെയ്യപ്പെടേണ്ടവയും ആയികാണുന്നതിൽ സന്തോഷം.

ഡി.പി.ഇ.പി. കേരളത്തിൽ ആവശ്യമില്ലായിരുന്നു എന്നുതന്നെയാണ് എന്റെയും അഭിപ്രായം.

പച്ചക്കറിയാണ് ഉത്തമം എന്നുപറയുമ്പോൾ എല്ലാവരെയും സവർണരാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നതെന്നു ചില അഭിപ്രായങ്ങൾ വരാം.

ചെരുപ്പുധരിച്ചും വാഹനങ്ങളിൽകയറിയും കസേരയിലിരുന്നും ഭൂമിയുമായി നേരിട്ടുള്ള സകലബന്ധങ്ങളും വിച്ഛേദിച്ചു നിൽക്കുന്ന ഇന്നത്തെ മനുഷ്യൻ ഭക്ഷണം കഴിക്കുമ്പോഴെങ്കിലും നിലത്തിരിക്കാൻ ശ്രമിച്ചാൽ എത്രനന്നായിരുന്നു. ഭൂമിയുമായി ഒരു ബന്ധം; കൈകാലുകൾ മടങ്ങിനിവരാൻ ഒരവസരം - അത്രയുമെങ്കിലുമാവുമല്ലോ.

-ശങ്കരൻ കോറോം
പാലക്കാട്.

## ഓർമദിനങ്ങളിൽ അവധിവേണം

മഹാന്മാരുടെ ജനന - മരണ ദിനങ്ങൾ പൊതു അവധിയാക്കുന്നതിനെതിരെ പി.ആർ. നോയൽരാജ് കുളിമുട്ടം എഴുതിയ കുറിപ്പ് അരോചകം തന്നെ. ഉപജീവനാർഥം യാന്ത്രിക ജോലികൾ ചെയ്യേണ്ടിവരുന്ന ഉദ്യോഗസ്ഥലക്ഷങ്ങൾക്ക് ഇത്തരം അവധികളില്ലെങ്കിൽ ജീവിതം എത്ര കഠിനമായിരിക്കും? ആഴ്ചയിലെ ഒരേയൊരു ഞായറാഴ്ച മുടക്കം ഒന്നിനും തികയാറില്ല. ചരമദിനങ്ങളിൽ കൂടുതൽ ജോലി ചെയ്യണമെന്ന ഉൾവിളിയുള്ളവർക്ക് അപ്രകാരം ചെയ്യാവുന്നതേയുള്ളൂ; ഉദ്യോഗസ്ഥരെ എന്തിന് ബുദ്ധിമുട്ടിക്കണം?

-നിശിതൻ.

## പാളത്തലയിണ

പാളയുടെ ഉപകാരങ്ങളുടെ കൂട്ടത്തിലേക്ക് ഒന്നുകൂടിപറയട്ടെ. കുറച്ചു വർഷങ്ങൾക്കു മുമ്പുവരെ പ്രസവിച്ചു കിടക്കുന്ന സ്ത്രീകൾക്ക് കിടക്കയും തലയിണയും നല്കാറില്ല. തലയിണക്കു പകരം പാളകൾ നാരുനാരായി കീറി അടുക്കി രണ്ട് അറ്റത്തും മുറിക്കികെട്ടിയുണ്ടാക്കിയ പ്രത്യേക തലയിണയാണ് ഉപയോഗിക്കാറ്.

-ലതാ നായർ, ബോംബെ.

## വിശ്വശാന്തിയാത്ര

സുഹൃത്തേ

'വിശ്വശാന്തിയാത്ര' മുൻ നിശ്ചയിച്ചപ്രകാരം മെയ് 11-ന് തന്നെ പൊക്രാനിൽനിന്ന് ആരംഭിച്ചു. പദയാത്ര ആഗസ്റ്റ് 6-ന് സാരനാഥിൽ അവസാനിക്കും. നേരത്തെ ഒപ്പുശേഖരിക്കുന്നതിനായി അയച്ചുതന്ന പത്രിക എത്രയുംവേഗം പൂർത്തിയാക്കി അയച്ചുതരിക.

ജിയോ ജോസ്
കൊച്ചി

**കേരളീയം** ഏപ്രിൽ ലക്കത്തിൽ കേരള ജൈവകർഷക സമിതിയെക്കുറിച്ച് ഞാനെഴുതിയ ലേഖനത്തെ പരാമർശിച്ച് രണ്ടു കത്തുകൾ മെയ് ലക്കത്തിൽ കണ്ടു. 1992-ൽ കാലടിയിൽ നടന്ന കൂടിച്ചേരലിനെക്കുറിച്ച് എനിക്ക് നേരിട്ടറിയില്ല. അന്നത്തെ മീറ്റിംഗിൽ പങ്കെടുത്ത ചിലർ പറഞ്ഞ അഭിപ്രായങ്ങൾ വച്ച് എഴുതിയതാണ്. 1927 എന്നത് അച്ചടിയിൽ വന്ന പിശകാണ്. കാലടി മീറ്റിംഗിനെക്കുറിച്ച് പറഞ്ഞവരിൽപോലും അഭിപ്രായഐക്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ആരംഭത്തെക്കുറിച്ച് ഒറ്റവാചകത്തിൽ അവസാനിപ്പിച്ചത്. ഈ വർഷം നടന്ന കേരള ജൈവകർഷക സമിതി ഏഴാം സംസ്ഥാന സമ്മേളന സ്ഥലത്തുവച്ച് ഈ വിഷയം കൂടുതൽ ആൾക്കാരുമായി ചർച്ച ചെയ്തു. അതോടെ സത്യം എന്ത് എന്ന സംശയം വർധിക്കുകയാണുണ്ടായത്. മേയ് ലക്കം രണ്ടാമത്തെ കത്തിൽ ശ്രീ കെ.വി.ദയാൽ പറഞ്ഞതാണ് സത്യത്തോട് കൂടുതൽ ചേരുന്നതെന്നു തോന്നുന്നു. മാത്രമല്ല, ഈ ആശയം മനസിൽ ഉദിച്ചതുകൊണ്ടാണല്ലോ പ്രസ്തുത മീറ്റിംഗിന് 45 പേർ പങ്കെടുത്തത്. അപ്പോൾ യശഃശരീരനായ ശ്രീവർമ്മാജിയുടെ പേർ മാത്രം എഴുതിയത് തെറ്റുതന്നെ.

പക്ഷേ, എന്റെ ലേഖനത്തെ ശ്രീ ജോൺ സി.ജേക്കബ് വളച്ചൊടിക്കുകയല്ലേ ചെയ്തത്. വർമ്മാജി യോഗം വിളിച്ചുചേർത്തതായി ഞാൻ എഴുതിയിട്ടില്ല. വർമ്മാജിയുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയം എന്നാണ് എഴുതിയത്. രണ്ടിനും രണ്ട് അർത്ഥമാണ്.

എന്തായാലും ചരിത്രസംഭവങ്ങളെ മറച്ചുപിടിക്കുവാനോ മാറ്റിയെഴുതുവാനോ വേണ്ടി ചെയ്തതല്ല. അന്വേഷണത്തിൽ കിട്ടിയ വിവരം വച്ച് എഴുതി എന്നു മാത്രം. തെറ്റ് പറ്റിയതു തിരുത്തുവാനും തയ്യാറാണ്. പക്ഷേ, മനുഷ്യൻ ചെയ്യേണ്ട കർമം ചെയ്യുന്നത് ചരിത്രമായോ ചരിത്ര സംഭവമായോ തോന്നിയിട്ടില്ല. അതു യഥാർത്ഥ കടമ ചെയ്യലാണെന്ന വിശ്വാസമേ ഉള്ളൂ. അതുകൊണ്ട് അത്തരം ചരിത്രങ്ങൾക്ക് വലിയ പ്രാധാന്യം കൊടുത്തില്ല. എന്റെ ലേഖനം ആർക്കെങ്കിലും മാനസിക പ്രയാസം ഉണ്ടാക്കി എങ്കിൽ മാപ്പ്.

സ്നേഹാദരങ്ങളോടെ
(ഒപ്പ്) ടോണി തോമസ്, കിഴക്കമ്പലം.

എൻറോൺ വിരുദ്ധപ്രക്ഷോഭത്തിനും മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾക്കും കേരളീയം നല്കുന്ന പരിഗണനയിൽ സന്തോഷമുണ്ട്, നന്ദിയുണ്ട്. നന്മനേരുന്നു.

- ബൈജു പി.
പാപ്പിനിശേരി പി.ഒ.